കോടി എഴുപത്തിയാറു ലക്ഷം രൂപയാണ്. ക്രക്ഷിംഗ് സീസൺ ആരംഭിക്കുന്നതിനു മുൻപ് തന്നെ പഞ്ചസാര വില ഇടിഞ്ഞു തുടങ്ങിയതിനാൽ കമ്പനി ഭരണ സമിതിയുടെ തീരുമാനപ്രകാരം ടണ്ണിന് 100 രൂപ വീതം മാറ്റിവച്ചതിനുശേഷമുള്ള തുകയാണ് ഈ വർഷം കർഷകന് നൽകിയത്. ആ വകയിൽ ഒരു കോടി മുപ്പത്തിരണ്ടു ലക്ഷം രൂപ നൽകാൻ ബാക്കിയുണ്ട്. ഇത് അടുത്ത സീസൺ ആരംഭിക്കുന്നതിനുമുമ്പ് നൽകാം എന്നാണ് ഉദ്ദേശിക്കുന്നത്. ആൾക്കഹോളിന്റെ കാര്യം പറഞ്ഞാൽ ഇപ്പോൾ ട്രാവൻകൂർ ഷുഗേഴ്സിൽ ഉൽപ്പാദിപ്പിക്കുന്ന സാധനം തന്നെ വിറ്റഴിക്കാൻ വിഷമിക്കുകയാണ്. പുതിയ നയമൊക്കെ വന്നതിനുശേഷം ഒരുപക്ഷേ മാറ്റം ഉണ്ടായേക്കാം, ചിറ്റൂർ ഷുഗേഴ്സിൽ ഉണ്ടാക്കിയാൽ വിറ്റഴിക്കാൻ വിഷമമായിട്ട് വരും അതാണ് സ്ഥിതി.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : സർ, ചിറ്റൂർ ഷുഗേഴ്സിൽ ഇ. എൻ. എ. ഉണ്ടാക്കുന്നുണ്ട്. എക്സ്ട്രാ ന്യൂട്രൽ ആൾക്കഹോൾ അത് പ്രൈവറ്റ് സെക്ടറിലെ ഡിസ്റ്റിലറികൾ വാങ്ങിക്കണം. ഷുഗർ കെയിനിന്റെ വില കൊടുക്കണം, അതുപോലെ തൊഴിലാളികളുടെ ശമ്പളം കൊടുക്കാനും വാങ്ങിക്കാനും എന്നുപറഞ്ഞിട്ട് റിട്ടൺ ഡയറക്ഷൻ കമ്മിഷണർക്ക് കൊടുത്തു കഴിഞ്ഞു. അവിടെനിന്ന് കാട്ടയെടുത്താലേ ഇതിനുള്ള പാസ് ഉള്ളൂ എന്ന് നിർബന്ധപൂർവം എടുക്കാൻവേണ്ടി പറഞ്ഞിരിക്കുകയാണ്. പിന്നെ ലൈസൻസിന്റെ കാര്യം പറഞ്ഞു, ചിറ്റൂർ ഷുഗേഴ്സിൽ കൊല്ലം എത്രയായി ഫോറിൻ ലിക്വറിന് ലൈസൻസ് കിട്ടിയിട്ട്, കറണ്ടാണ്. സ്വകാര്യ ഡിസ്റ്റിലറിയെ സഹായിക്കാൻ എന്ന ഒരു വാക്ക് ഉപയോഗിച്ചതുകൊണ്ടാണ്. പണ്ട് സഹായിക്കണം എന്ന് ആലോചിച്ചിട്ടാണോ സർ — അവർ തുടങ്ങാത്തതിന് നമ്മൾ എന്തു ചെയ്യാനാണ്.

(11) കക്കാവ്യവസായം നേരിടുന്ന പ്രതിസന്ധി

ശ്രീ. പി. ജെ. ഫ്രാൻസിസ് : വെള്ളക്കക്കാ വ്യവസായ സഹകരണ സംഘങ്ങളിൽ നിലനിൽക്കുന്ന പ്രതിസന്ധിമൂലം കക്ക വാരി ഉപജീവനം നയിക്കുന്ന തൊഴിലാളികളും അവരുടെ കുടുംബങ്ങളും കൊടും പട്ടിണിയിലാണ്. വെച്ചൂർ, കുമരകം, കൈനഗരി തുടങ്ങിയ നാലു കക്ക വ്യവസായസഹകരണ സംഘങ്ങൾ ഇന്ന് അടച്ചുപൂട്ടലിന്റെ ഭീഷണിയിലാണ്. എന്റെ നിയോജക മണ്ഡലത്തിലെ മുഹമ്മ, കരിപ്പുറം കക്ക വ്യവസായ സഹകരണസംഘങ്ങളിൽ ഒരു ലക്ഷത്തോളം ടൺ വാട്ടുകക്കയാണ് വിറ്റഴിക്കാതെ കിടക്കുന്നത്. അവിടത്തെ തൊഴിലാളികൾക്ക് കൂലി കൊടുത്തിട്ട് മാസങ്ങൾ കഴിഞ്ഞു. ഇതിന്റെ ഒരു കാരണം ഈ മുഹമ്മ സംഘത്തിൽ നിന്ന് വിലയ്ക്കുവാങ്ങിയ റെയോൺസ് പാലക്കാട്ടിലെ എസ്. ആർ. കാർബൈഡ് ചിങ്ങവനത്തിലെ ഇലക്ട്രോണിക്സ് കെമിക്കൽസ് എന്നീ വ്യവസായ സ്ഥാപനങ്ങൾ അടച്ചുപൂട്ടിയത് തന്നെയാണ്. ഇതിന് മുമ്പ് മലബാർ സിമന്റ്സും ട്രാവൻകൂർ സിമന്റ്സും മൊഹമ്മ സംഘത്തിൽ നിന്ന് കക്ക വാങ്ങുമായിരുന്നു. അവരിപ്പോൾ വാങ്ങുന്നില്ല. മറ്റൊരുകാരണം റാണി, ചിത്തിര, മാർത്താണ്ഡം എന്നീ കായലുകളിൽ നിന്ന് അനധികൃതമായി കക്ക കള്ളക്കടത്ത് നടത്തുന്നു. അതു ദോഷം ചെയ്യും. മൂന്നാമത്തെ കാരണം, ചൈനയിൽ നിന്നും മറ്റും ഇറക്കുമതി ചെയ്യുന്ന കാർബൈഡിന് വില കുറവാണ്. അതുകൊണ്ട് തമിഴ്നാട്ടിൽ 16-ഉം കേരളത്തിൽ 42-ഉം ഫാക്ടറികൾ അടച്ചുപൂട്ടിയിട്ടുണ്ട്. ഈ

LIBRARY ARCHIVES Kerala Legislative Assembly

പ്രതിസന്ധി പരിഹരിക്കണം ഇത് പെയിന്റ് ഉണ്ടാക്കുന്നതിനും, മരുന്നുണ്ടാക്കുന്നതിനും കടലാസ് ഉണ്ടാക്കുന്നതിനും ഉപയോഗിക്കുന്നുണ്ട്. നമ്മുടെ ഈ സംസ്ഥാനത്ത് പൊതുമേഖലയിൽ ധാരാളം കെമിക്കൽ ഇൻഡസ്ട്രീസ് ഉണ്ട്. അവരെക്കൊണ്ട് ഇത് വാങ്ങിപ്പിക്കാനുള്ള നടപടികൾ സർക്കാർ സ്വീകരിക്കണം. കെട്ടികിടക്കുന്ന കക്ക അവർക്ക് വിലയ്ക്കുവാങ്ങാനുള്ള സൗകര്യമുണ്ടാക്കണം. ഇപ്പോൾ വിലവ്യത്യാസമുണ്ട്. ട്രാവൻകൂർ സിമന്റ് സിന് കുറച്ചു വില കൂടുതലാണ്. തൊഴിലാളികളെ സംരക്ഷിക്കാൻ വേണ്ടിയിട്ട് ആ വിലവ്യത്യാസം സബ്സിഡിയായിട്ട് കൊടുക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കണം. ഇവർക്കുമാത്രമാണ് ക്ഷേമനിധി ഏർപ്പെടുത്താത്തത്. കഴിഞ്ഞ നാലുവർഷങ്ങൾക്ക് മുമ്പ് ഞാൻ ഈ നിയമസഭയിൽ ഒരു സബ്മിഷനിലൂടെ ഇത് അവതരിപ്പിച്ചപ്പോൾ വ്യവസായ വകുപ്പുമന്ത്രി ക്ഷേമനിധി ഏർപ്പെടുത്തുന്നകാര്യം പരിഗണിക്കാമെന്ന് പറഞ്ഞു. നാലു വർഷങ്ങൾ കഴിഞ്ഞു, ഇതുവരെ അത് നടന്നിട്ടില്ല, അതുകൂടി നടപ്പിലാക്കി ഈ പ്രതിസന്ധി അവസാനിപ്പിക്കണമെന്ന് ഞാൻ അപേക്ഷിക്കുന്നു.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) :

സർ, വളരെ ഗുരുതരമായ ഒരു പ്രശ്നമാണ്. പല ഫാക്ടറികളും അടച്ചു പൂട്ടുന്നതിന്റെ ഫലമായി കക്ക വാങ്ങാൻ ആ ഫാക്ടറികൾക്ക് കഴിയുകയില്ല എന്നുള്ളത് വസ്തുതയാണ്. കെ. എം. എം. എൽ. പോലുള്ള സ്ഥാപനങ്ങൾ ഈ കക്കായല്ല കക്ക സംസ്കരിച്ചെടുത്ത കുമ്മായമായിട്ട് അവർക്കു വേണം, അത് കൊടുക്കാൻ ഞാൻ അവരോട് ആവശ്യപ്പെട്ടപ്പോൾ അതിനുള്ള സ്ഥലം വേണമെന്നു പറഞ്ഞു. സ്ഥലം കൊടുക്കാമെന്നു പറഞ്ഞു. അവിടെ കൊണ്ടു പോയി സംസ്കരിച്ച് കൊടുത്തെങ്കിലേ പറ്റുകയുള്ളൂ. കക്കയായിട്ട് അവർക്ക് എടുക്കാൻ പറ്റുകയില്ല, അതിനുള്ള നടപടികൾ എല്ലാം നോക്കി, അതുപോലെ ട്രാവൻകൂർ സിമന്റ് സിൽ ആണെങ്കിൽ ഇപ്പോൾ വൈറ്റ് സിമന്റ് ഇറക്കുമതി ചെയ്യുന്നതിന്റെ ഫലമായി വളരെ വിലകൂട്ടി എടുക്കാൻ പറ്റുകയില്ല. അവർക്ക് 800 രൂപയ്ക്ക് കിട്ടിയെങ്കിലേ പറ്റുകയുള്ളൂ. 1,300 രൂപയ്ക്ക് കൊടുത്താലേ കക്കാവാരൽ തൊഴിലാളികൾക്ക് മുതലാകുകയുള്ളൂ. അതുചെയ്യാൻ സാധ്യമല്ലാത്ത സ്ഥിതിയാണ് ഇപ്പോൾ ട്രാവൻകൂർ സിമന്റ് സിൽ ഉള്ളത്. അവർ പ്രതിസന്ധിയെ നേരിടുകയാണ്. ആഗോളവൽക്കരണവും തുടർന്നുള്ള നയവുമെല്ലാം തന്നെ രാജ്യത്തെ വ്യാവസായിക മേഖലയെ വളരെ പ്രതിസന്ധിയിൽ ആക്കിയിട്ടുണ്ട്. പണ്ട് ട്രാവൻകൂർ സിമന്റ്സ് എടുത്തതുപോലെ എടുക്കാൻ അവിടത്തെ തൊഴിലാളികൾ സമ്മതിക്കുകയില്ല. പ്രത്യേകിച്ചും ആ സ്ഥാപനം അടക്കം പ്രതിസന്ധിയെ നേരിടുകയാണ്. കക്കാ ലഭ്യമല്ലാത്തതിന്റെ ഫലമായിട്ട് വേറെ പ്രശ്നങ്ങളുണ്ട്. അത് ബഹുമാനപ്പെട്ട മെമ്പർക്ക് അറിയാവുന്നതാണ്. അവർ കക്ക എടുക്കാൻ തീരുമാനിച്ച സ്ഥലത്ത് പ്രതിപക്ഷ നേതാവടക്കമുള്ളവരുടെ ശക്തമായ പ്രതിഷേധം. അതിന്റെ ഇപ്പുറത്ത് ശ്രീ. ഉമ്മൻചാണ്ടിയടക്കമുള്ള ആളുകൾ അവിടെനിന്ന് വാരണമെന്നു പറഞ്ഞ് വേറെ പ്രക്ഷോഭം. അവിടന്നുതന്നെ ഡ്രഡ്ജിംങ് ചെയ്തേ പറ്റൂ എന്ന് അവർ രണ്ടുകൂട്ടരും രണ്ടിടത്ത്. ഇലക്ഷൻ വരുന്നത് പ്രമാണിച്ച് ഇങ്ങിനെയുള്ള പല കാര്യങ്ങളും ചെയ്യുന്നുണ്ട്, അപ്പോൾ വ്യവസായത്തിലെ പ്രതിസന്ധി നേരിടണം. എങ്കിൽ യോജിച്ച ചില കാര്യങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

എടുക്കണം. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിനോട് ഞാൻ തന്നെ നേരിട്ട് ആവശ്യപ്പെട്ടതാണ്. അവിടന്ന് ഡ്രഡ്ജ് ചെയ്യാൻ ആ പ്രദേശത്തെ ആളുകൾക്ക് ബുദ്ധിമുട്ട് ഇല്ലാതെ ചെയ്യാൻ പറ്റും, **** എന്തിന്, എന്നിട്ട് ട്രാവൻകൂർ സിമന്റ്സിൽ ചെന്നിട്ട് ഇങ്ങനെ വിലകൂട്ടിയൊന്നും വാങ്ങിക്കാൻ പാടില്ല, വാങ്ങിച്ചാൽ പ്രതിസന്ധിയുണ്ടാകുമെന്നു പറയും. അങ്ങനെ ഒച്ചവെച്ചിട്ടൊന്നും കാര്യമില്ല. യാഥാർത്ഥ്യങ്ങൾ ആണ് പറയുന്നത്, ഞാൻ ഈ പ്രശ്നത്തിൽ വളരെ ഗൗരവമായിട്ട് ഇടപെട്ടതാണ്. അവസാനം ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് തന്നെ അവിടെനിന്ന് വാരാനുള്ള പരിശ്രമം നടത്തി, വേറെ എവിടെനിന്നാണ് വാരുക, 1300 രൂപയ്ക്ക് വാങ്ങിച്ചതാണ്. വാങ്ങിച്ചാൽ സബ്സിഡി കൊടുക്കാനുള്ള കഴിവ്, ഉള്ള സബ്സിഡി പലതും കൊടുക്കാതെ കിടക്കുകയാണ്. അതിനുള്ള പണത്തിന്റെ ലഭ്യതകുറവ് ഉണ്ട്. സബ്സിഡിക്ക് കുറച്ച് കൂടുതൽ വച്ചാലും അതിനേക്കാൾ കൂടുതൽ കുടിശ്ശിക കിടക്കുകയാണ്. അപ്പോൾ കൂടുതൽ സബ്സിഡി ഭാരം ഏറ്റെടുക്കാൻ സാധ്യമല്ല. കൊടുക്കാൻ കഴിയുന്ന ഒരു സാഹചര്യമല്ലയുള്ളത് അതുകൊണ്ടാണ് ഇക്കാര്യങ്ങൾ ചെയ്യാൻ പറ്റാത്തത്.

പ്രതിപക്ഷനേതാവ് (ശ്രീ. എ. കെ. ആന്റണി) : ഇതിനിടയ്ക്ക് എന്നെ കുറിച്ച് ഒരു ആരോപണം പറഞ്ഞു. ഞാൻ അവിടെ പോയി. എന്റെ നിയോജക മണ്ഡലത്തിൽപെട്ട ആയിരകണക്കിന് മത്സ്യത്തൊഴിലാളികൾ പട്ടിണിയിലാണ്. അവർ ആത്മഹത്യ ചെയ്യുമെന്ന ഘട്ടം വന്നപ്പോൾ ഞാൻ മന്ത്രിക്കെഴുതി. ഞാൻ നാട്ടിൽപോയി അവിടെയുള്ള മാർക്സിസ്റ്റ് പാർട്ടിയിലെ പ്രതിനിധികളടക്കം സി. പി. ഐ. പ്രതിനിധികളടക്കം, അതുപോലെ മാർക്സിസ്റ്റ് ലെനിലിസ്റ്റ് പാർട്ടി അടക്കം, സകലപാർട്ടി പ്രതിനിധികളെയും മത്സ്യത്തൊഴിലാളികളെയും കണ്ട് സംസാരിച്ചപ്പോൾ ഡ്രെഡ്ജിംഗ് നടത്തിയാൽ കായലിൽ രക്തപ്പുഴ ഉണ്ടാകും. അവിടെ തൊഴിലാളികൾ ആത്മാഹൂതി ചെയ്യും, ആത്മാഹൂതി ഉണ്ടാകുമെന്ന് കണ്ടപ്പോൾ ഞാൻ മന്ത്രിക്ക് എഴുതി. ഒളിച്ചുകളി അല്ല. ആ പ്രദേശത്ത് ആയിരക്കണക്കിന് തൊഴിലാളികൾ പട്ടിണിയിലാകും, അവർ ആത്മഹത്യയിലേക്ക് പോകും അതുകൊണ്ട് ഇങ്ങനെ ചെയ്യുന്നത് ശരിയല്ലെയെന്നാണ് ഞാൻ പറഞ്ഞത്. ഞാൻ മുപ്പിച്ചുവെന്നാണ് പറഞ്ഞത്. ഞാൻ അവിടെ അഖിലകക്ഷി സമ്മേളനമാണ് വിളിച്ചു കൂട്ടിയത്. ആ സമ്മേളനത്തിൽ മാർക്സിസ്റ്റ് പാർട്ടി പ്രതിനിധികളും വന്നിട്ടുണ്ടായിരുന്നു. അവിടെ പോയി സകല പാർട്ടി പ്രതിനിധികളുമായിട്ട് ചർച്ച ചെയ്തശേഷം അവരുമായിട്ടുള്ള പൊതുധാരണ അനുസരിച്ചാണ് ഞാൻ ആ നിലപാട് എടുത്തത്. ബഹുമാനപ്പെട്ട മന്ത്രി എന്റെകൂടെ അവിടെ വരുമോ ? ബഹുമാനപ്പെട്ട മന്ത്രി എന്റെ കൂടെ പെരുമ്പടത്തു വന്ന് പറയാമോ ? ചേർത്തലയിൽ വന്ന് പറയാമോ ? ചേർത്തലയിലോ പെരുമ്പടത്തോ എന്റെ കൂടെ വന്ന് പറയാമോ ? നമുക്ക് ഒരുമിച്ച് പോകാം. നമ്മൾ ഒരേ നാട്ടുകാർ അല്ലേ? നമുക്ക് ഒരുമിച്ച് അവിടെ പോകാം. എന്റെ കൂടെ വരുമോ? എന്റെ കൂടെ അവിടെ വന്ന് പറയാമോ ?

മി. സ്പീക്കർ : ഈ പ്രശ്നം രണ്ടുപേരും കൂടെ ചർച്ചചെയ്ത് പരിഹരിക്കണം.

**** സഭാദ്ധ്യക്ഷന്റെ ഉത്തരവിൽപ്രകാരം നീക്കം ചെയ്തു (ഫ.നം. 417 /EB/01/Leg)

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി സുശീലാ ഗോപാലൻ : ഞാൻ വിളിച്ച കോൺഫറൻസിൽ ആളുകൾ പറഞ്ഞത് ബഹുമാനപ്പെട്ട ആന്റണി കത്ത് എഴുതിയതിനെപ്പറ്റിയാണ്. എനിക്കിവിടെ പറയാൻ അവസരം കിട്ടണം.

മി.സ്പീക്കർ : ചെയറിനെ രക്ഷിക്കണം. കാരണം ഒരു സബ്മിഷൻ അവതരിപ്പിച്ച് ഈ പ്രശ്നം രണ്ടുപേരുംകൂടെ ചർച്ച ചെയ്ത് പരിഹരിക്കണം.

ശ്രീമതി സുശീലാ ഗോപാലൻ : അങ്ങനെ പരിഹരിക്കാൻ പറ്റുന്നതല്ല. കക്ക കിട്ടുന്നില്ല. പുറമെ നിന്നും ഇറക്കുമതി ചെയ്യുന്ന സാധനമാണ്. അത് നിങ്ങൾ ഉണ്ടാക്കിയ നയത്തിന്റെ ഫലമായിട്ടാണ്. ഇതെല്ലാം നിങ്ങൾ ഉണ്ടാക്കിയ വെറുപ്പിന്റെ ഫലമാണ്.

മി. സ്പീക്കർ : തർക്കങ്ങളൊക്കെ ചർച്ച ചെയ്ത് പരിഹരിക്കുക.

ശ്രീ. എ. കെ. ആന്റണി : ഞാൻ പോയി എന്ന് *** മന്ത്രി പറഞ്ഞു. എനിക്ക് വളരെ ബഹുമാനമുള്ള ഒരു മന്ത്രിയാണ്. അതുകൊണ്ട് അത് പിൻവലിക്കണമെന്ന് ഞാൻ പറയുന്നില്ല. പക്ഷേ ഞാൻ ഇപ്പോൾ പറയുന്നത് എന്റെ കൂടെ ചേർത്തല യിലോ പെരുമ്പടത്തോ വന്ന് പറയാൻ മന്ത്രിക്ക് സാധിക്കുകയില്ല. മന്ത്രി അവിടെ വന്നാൽ ഞാൻ പറഞ്ഞത് പറയേണ്ടി വരും. അതാണ് കാര്യം.

മി. സ്പീക്കർ : മതി. സബ്മിഷൻ ആണ്. ഇതൊക്കെ പരിശോധിച്ച് വേണ്ടത് ചെയ്യാം. പരിശോധിച്ച് അൺപാർലമെന്ററിയായിട്ടുള്ള ഏതെങ്കിലും ഒരു വാക്കുണ്ടെങ്കിൽ അത് രേഖയിൽ നിന്നും നീക്കം ചെയ്യാം. ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ .....

(12) എൻ. ടി. സി. യുടെ ടെക്സ്റ്റൈൽ മില്ലുകൾ അടച്ചുപൂട്ടാനുള്ള തീരുമാനം

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : നാഷണൽ ടെക്സ്റ്റൈൽ കോർപ്പറേഷന്റെ കീഴിലുള്ള മില്ലുകൾ അടച്ചു പൂട്ടാതിരിക്കാൻ കാരണം ഉണ്ടെങ്കിൽ 28-2-2001-ന് മുമ്പ് നിർദ്ദേശങ്ങൾ സമർപ്പിക്കണമെന്നും അല്ലെങ്കിൽ മാർച്ച് 30-ന് എൻകയറി നടത്തുമെന്ന് ബി. ഐ. എഫ്. ആർ. നോട്ടീസ് നൽകിയിരിക്കുകയാണ്. നമ്മുടെ സംസ്ഥാനത്ത് എന്റെ നിയോജക മണ്ഡലത്തിൽപ്പെട്ട കേരള ലക്ഷ്മി മിൽസ് അളഗപ്പാ ടെക്സ്റ്റൈൽസ്, കണ്ണൂർ സ്പിന്നിംഗ് മിൽസ്, പാർവ്വതി മിൽസ്, വിജയമോഹിനി മിൽസ്, മാഹിയിലെ കണ്ണൂർ സ്പിന്നിംഗ് മിൽസ് ഇങ്ങനെ 6 മില്ലുകളിലായി അയ്യായിരത്തിൽപരം തൊഴിലാളികൾ ജോലി ചെയ്യുന്നു. ഏരിയാ യൂണിറ്റ് വൈസായിട്ട് നോക്കുകയാണെങ്കിൽ കേരള സംസ്ഥാനത്ത് പ്രവർത്തിക്കുന്ന എല്ലാ മില്ലുകളും താരതമ്യേന ലാഭകരമായി, വയബിളായി നടക്കുകയാണ്. അതിന് ആസ്തിയുമുണ്ട്. പക്ഷേ ദൗർഭാഗ്യവശാൽ ഇവിടെ നിന്ന് കിട്ടുന്ന ആദായം മറ്റ് പലേടത്തും ഡൈവർട്ട് ചെയ്യുന്നതുകൊണ്ട് നഷ്ടത്തിലാണെന്ന് വരുത്തി അടച്ചുപൂട്ടാനുള്ള ഒരു ശ്രമം നടക്കുകയാണ്. പ്രൈവറ്റൈസേഷന് എതിരായി ശക്തിയായി വാദിക്കുന്ന ഇടതുപക്ഷ

***സഭാദ്ധ്യക്ഷന്റെ ഉത്തരവിൽപ്രകാരം നീക്കം ചെയ്തു (ഫ.നം. 417 /EB/01/Leg)

LIBRARY ARCHIVES Kerala Legislative Assembly